"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ന്യൂസ് മലയാളം 24*7-വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടത്തുന്ന വിവിധ പരിപാടികൾക്കും പദ്ധതികൾക്കും വ്യാപക പ്രചാരണം ലഭിക്കുന്നതിനായി പരസ്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.113/2026/TSM തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-
1. ന്യൂസ് മലയാളം 24*7 ചീഫ് മാനേജർ സമർപ്പിച്ച 30.10.2025 തീയതിയിലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/3783/2025-M1 നം കത്ത്.

**ഉത്തരവ്**

ന്യൂസ് മലയാളം 24*7 ചാനലിൽ വിനോദസഞ്ചാരവകുപ്പിന്റെ പരിപാടികൾക്കും പദ്ധതികൾക്കും വ്യാപക പ്രചാരണം ലഭിക്കുന്നതിനായി പരസ്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ന്യൂസ് മലയാളം 24*7 ചീഫ് മാനേജർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടത്തുന്ന വിവിധ പരിപാടികൾക്കും പദ്ധതികൾക്കും വ്യാപക പ്രചാരണം ലഭിക്കുന്നതിനായി ന്യൂസ് മലയാളം 24*7 ചാനലിന് പരസ്യ ഇനത്തിൽ 3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും ₹15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3, ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ന്യൂസ്

മലയാളം 24*7 ചീഫ് മാനേജർ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ചീഫ് മാനേജർ, ന്യൂസ് മലയാളം 24*7( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 19-02-2026 10:24:11

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്